**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1003** **07-12-2022 - ൽ മറുപടിയ്ക്ക്**

**വനം വകുപ്പിന്റെ വരുമാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ .സി .ബാലകൃഷ്ണൻ | | ശ്രീ. എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വനംവകുപ്പിന്റെ പ്രധാന വരുമാന സ്രോതസ്സുകൾ എന്തൊക്കെയാണ്; ഇവയിൽ നിന്നും 2021-22 സാമ്പത്തിക വർഷത്തിൽ പ്രതീക്ഷിച്ച വരുമാനം, ലഭിച്ച വരുമാനം എന്നിവ ഇനം തിരിച്ച് വ്യക്തമാക്കുമോ; | (എ) | തടിയുടേയും മറ്റ് ഉൽപ്പന്നങ്ങളുടേയും വിൽപ്പനയിൽ നിന്നുള്ള വരവ്, വന വികസന നികുതിയിൽ നിന്നുള്ള വരവ്, വന്യമൃഗ സംരക്ഷണ വിഭാഗത്തിൽ നിന്നുള്ള വരവ്, വനഭൂമി പാട്ട കരത്തിൽ നിന്നുള്ള വരവ് തുടങ്ങിയവയാണ് വനം വകുപ്പിന്റെ പ്രധാന വരുമാന സ്രോതസുകൾ. 2021-22 സാമ്പത്തിക വർഷത്തിൽ പ്രതീക്ഷിച്ച വരുമാനം 251.41 കോടി രൂപയാണ്. ലഭിച്ച വരുമാനം 196.37 കോടി രൂപയാണ്. ആയതിന്റെ ഇനം തിരിച്ചുള്ള വിവരം അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു. |
| (ബി) | പ്രസ്തുത വരുമാന സ്രോതസ്സുകളിൽ നിന്നും നടപ്പ് സാമ്പത്തിക വർഷത്തിൽ പ്രതീക്ഷിച്ച വരുമാനം എത്രയാണെന്നും നാളിതുവരെ ലഭിച്ച വരുമാനം എത്രയാണെന്നും ഇനം തിരിച്ച് വ്യക്തമാക്കുമോ? | (ബി) | നടപ്പ് സാമ്പത്തിക വർഷത്തിൽ (2022-23) പ്രതീക്ഷിക്കുന്ന വരുമാനം 292.14 കോടി രൂപയാണ്. 15.11.2022 വരെ ലഭിച്ച വരുമാനം 177.48 കോടി രൂപയാണ്. ആയതിന്റെ ഇനം തിരിച്ചുള്ള വിവരം അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം 1**

(തുക രൂപയിൽ)

| ഇനങ്ങൾ | പ്രതീക്ഷിച്ച വരുമാനം | ലഭിച്ച വരുമാനം |
|---|---|---|
| **തടിയുടേയും മറ്റ് ഉൽപ്പന്നങ്ങളുടേയും വിൽപ്പന** | | |
| 1)തേക്ക് (തടി, കഴകൾ, ശിഖരങ്ങൾ) | 166,54,30,000 | 1,14,90,85,124 |
| 2)ഈട്ടി മരം | 6,01,56,000 | 3,99,51,740 |
| 3)ചന്ദനം | 41,52,60,000 | 48,28,23,658 |
| 4)പൾപ്പ് വുഡ് | 51,00,000 | 51,86,594 |
| 5)മറ്റു വർഗ്ഗങ്ങൾ | 10,49,56,000 | 8,72,00,612 |
| വിറകും കരിയും | 1,44,40,000 | 64,12,636 |
| വന വികസന നികുതിയിൽ നിന്നുള്ള വരവ് | 12,21,00,000 | 9,81,27,449 |
| കേരള വന ഉൽപ്പന്നങ്ങളിൽ നിന്നുള്ള വരവ് | 5,08,000 | 16,03,221 |
| മറ്റിനങ്ങൾ | 9,71,31,000 | 7,24,20,850 |
| ഫോറസ്റ്റ് റവന്യു കുടിശ്ശികയിലുള്ള പലിശ | 1,12,00,000 | 70,89,429 |
| വന്യമൃഗ സംരക്ഷണ വിഭാഗത്തിൽ നിന്നുള്ള വരവ് | 78,14,000 | 87,22,461 |
| കെ.എഫ്.ഡി.സി - യിൽ നിന്നും ഫോറസ്റ്റ് റസിഡുവൽ ഗ്രോത്ത് | 1,000 | 3,59,475 |
| ലൈവ് സ്റ്റോക്ക് | 10,000 | 88,230 |
| സംയോജിത തരിശ്ശ് ഭൂമി വികസന പദ്ധതി | 1,000 | 2 |
| കണ്ട്കെട്ടിയതും നഷ്ടപ്പെട്ടതുമായ നിക്ഷേപം | 1,000 | 30,000 |
| വനഭൂമി പാട്ടക്കരം | 1,00,00,000 | 55,33,528 |
| കേരള സ്വകാര്യ വനങ്ങൾ നിക്ഷിപ്തമാക്കലും പതിച്ച് കൊടുക്കലും ആക്ടിൽ വരുന്ന വനവിഭാഗങ്ങളുടെ വിൽപ്പനയിൽ നിന്നുള്ള വരവ് | 5,000 | 0 |
| കിഴിവ്- തിരിച്ചടയ്ക്കൽ (Deduct refund) | (-)1,000 | (-) 8,58,258 |
| **ആകെ** | **251,41,12,000** | **196,37,76,751** |

**അനുബന്ധം 2**

(തുക രൂപയിൽ)

| **ഇനങ്ങൾ** | **പ്രതീക്ഷിക്കു വരുമാനം (2022-23 സാമ്പത്തിക വർഷത്തിൽ)** | **ലഭിച്ച വരുമാനം (15.11.2022 വരെ)** |
|---|---|---|
| **തടിയുടേയും മറ്റ് ഉൽപ്പന്നങ്ങളുടേയും വിൽപ്പന** | | |
| 1)തേക്ക് (തടി, കഴകൾ, ശിഖരങ്ങൾ) | 199,85,16,000 | 113,38,69,853 |
| 2)ഈട്ടി മരം | 7,21,87,000 | 5,71,97,746 |
| 3)ചന്ദനം | 44,01,76,000 | 33,40,34,876 |
| 4)പൾപ്പ് വുഡ് | 56,10,000 | 1,08,864 |
| 5)മറ്റു വർഗ്ഗങ്ങൾ | 11,84,52,000 | 8,41,85,170 |
| വിറകും കരിയും | 1,58,84,000 | 57,40,163 |
| വന വികസന നികുതിയിൽ നിന്നുള്ള വരവ് | 13,43,10,000 | 8,34,48,429 |
| കേരള വന ഉൽപ്പന്നങ്ങളിൽ നിന്നുള്ള വരവ് | 5,59,000 | 7,95,381 |
| മറ്റിനങ്ങൾ | 10,68,44,000 | 4,91,93,159 |
| ഫോറസ്റ്റ് റവന്യൂ കുടിശ്ശികയിലുള്ള പലിശ | 1,23,20,000 | 26,86,374 |
| വന്യമൃഗ സംരക്ഷണ വിഭാഗത്തിൽ നിന്നുള്ള വരവ് | 85,95,000 | 1,40,24,858 |
| കെ.എഫ്.ഡി.സി - യിൽ നിന്നും ഫോറസ്റ്റ് റസിഡുവൽ ഗ്രോത്ത് | 1,000 | 0 |
| ലൈവ് സ്റ്റോക്ക് | 11,000 | 5,640 |
| സംയോജിത തരിശ്ശ് ഭൂമി വികസന പദ്ധതി | 1,000 | 0 |
| കണ്ട്കെട്ടിയതും നഷ്ടപ്പെട്ടതുമായ നിക്ഷേപം | 1,000 | 0 |
| വനഭൂമി പാട്ടക്കരം | 1,10,00,000 | 1,03,00,518 |
| കേരള സ്വകാര്യ വനങ്ങൾ നിക്ഷിപ്തമാക്കലും പതിച്ച് കൊടുക്കലും ആക്റ്റിൽ വരുന്ന വനവിഭാഗങ്ങളുടെ വിൽപ്പനയിൽ നിന്നുള്ള വരവ് | 6,000 | 0 |
| അരണ്യം മാസികയിൽ നിന്നുള്ള വരവ് | 10,000 | 39,755 |

| | | |
|---|---|---|
| കിഴിവ്- തിരിച്ചടയ്ക്കൽ (Deduct refund) | (–) 1,000 | (–) 8,60,908 |
| **ആകെ** | **292,14,81,000** | **177,47,69,878** |